# നോമ്പുകാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

മത്താ 7,15-28

*"എല്ലാം കാണുന്ന ദൈവം എല്ലാം അറിയുന്നവനാണെന്നും ഹൃദയങ്ങൾ പരിശോധിക്കുന്നവനുമാണെന്ന തിരിച്ചറിവ് എന്തുമാത്രമുണ്ട്?"*

വാർഷികധ്യാനത്തിന് സഹായിക്കാൻ വന്ന ജോസഫ് പാപ്പാനിയച്ചൻ പറഞ്ഞ ഒരു സംഭവങ്ങളിലൊന്ന്.

നീണ്ട 25 വർഷത്തെ കഠിനതപസിന് ശേഷം വെള്ളത്തിന് മുകളിലൂടെ നടക്കാൻ കൃപ സ്വന്തമാക്കിയ ശിഷ്യൻ തെല്ല് അഹംകാരത്തോടുകൂടി ഗുരുവിനോട് പറഞ്ഞു, "ഗുരോ, എന്റെ നീണ്ട 25 വർഷത്തെ കഠിനതപസിന് ശേഷം വെള്ളത്തിന് മുകളിലൂടെ നടക്കാൻ കൃപ ഞാൻ സ്വന്തമാക്കിയെന്ന്." ഇത് കേട്ടമാത്രയിൽ ഗുരു മറുപടി പറയുകയാണ്,

"ഇത് എത്ര നിസാരം! ഇതിന് വേണ്ടി നിന്റെ ജീവിതം പാഴാക്കിയോ? തോണിക്കാരന് 25 പൈസ കൊടുത്തിരുന്നെങ്കിൽ നിന്നെ അക്കരെ എത്തിക്കുമായിരുന്നില്ലേ?"

*പ്രസാദവരവസ്ഥയില്ലാത്ത വൈദകൻ ബലിയർപ്പിച്ചാലും ബലിവസ്തുവിൽ ദിവ്യാൽഭുതം സംഭവിക്കുന്നു. ഇതിനർത്ഥം വൈദികൻ വിശുദ്ധനാണ് എന്നല്ല! മറിച്ച്, "ദൈവം വിശ്വസ്ഥനാണ്" എന്നതാണ്.*

വലിയനോമ്പിന്റെ വ്രതശുദ്ധിയിൽ ആത്മവിശുദ്ധീകരണത്തിനായ് സഭയൊന്നാകെ പ്രാർത്ഥിച്ചൊരുങ്ങുമ്പോൾ തിരുസഭാമാതാവ് വചനവിചിന്തനത്തിനായ് സമ്മാനിക്കുന്നത് ആരാണ് വ്യാജപ്രവാചകൻമാരും യഥാർത്ഥശിഷ്യനും എന്നതിനെക്കുറിച്ചാണ്. വ്യാജപ്രവാചകൻമാരുണ്ടെങ്കിൽ ഒന്നുറപ്പാണ് വ്യാജശിഷ്യൻമാരും ഉണ്ടാകും. കാരണം, ഇന്നത്തെ ശിഷ്യൻമാരാണ് നാളത്തെ ഗുരുക്കൻമാരും പ്രവാചകൻമാരുമായി മാറ്റപ്പെടുന്നത്. അതുകൊണ്ടുതന്നെ പതിനഞ്ച് മുതൽ ഇരുപത് വരെയുള്ള വാക്യങ്ങളിൽ ക്രിസ്തു ഓർമ്മപ്പെടുത്തുന്നത് രണ്ട് കാര്യങ്ങൾ മാത്രമാണ്.

1. നല്ല വൃക്ഷത്തിന് ചീത്ത ഫലങ്ങളോ ചീത്ത വൃക്ഷത്തിന് നല്ല ഫലങ്ങളോ സമ്മാനിക്കാൻ സാധിക്കില്ല. അതിനാൽ ഫലത്തിൽ നിന്ന് വൃക്ഷങ്ങളെ തിരിച്ചറിയാം.

2. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയപ്പെടും. അതിനാൽ, നോമ്പ് വ്രതശുദ്ധീകരണത്തിന്റെ കാലഘട്ടമാക്കുക. നല്ല ഫലങ്ങൾ സമ്മാനിക്കുക.

സഭയെ 'ഇടയനും ആടും' എന്നുള്ള സങ്കല്പത്തിൽ ചിത്രീകരിക്കുക എന്നുള്ളത് പഴയ നിയമത്തിൽ മാത്രം വേരൂന്നിയിരിക്കുന്ന ഒന്നല്ല. മറിച്ച്, പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തെയും ദൈവജനത്തെയും സൂചിപ്പിക്കുന്നതിന് ദൈവം തന്നെ മെനഞ്ഞെടുത്ത ഏറ്റവും നല്ല രൂപകങ്ങളാണ്. സങ്കീർത്തനം 23, 78, 100 എന്നീ വിടങ്ങളിലും എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 34 ലും ദൈവത്തെയും ദൈവജനത്തെയും സുചിപ്പിക്കുന്നതിന് ഇടയനും ആടും എന്നുള്ള സുന്ദരമായ ചിത്രം എഴുത്തുക്കാരൻമാർ പഴയനിയത്തിൽ ഉപയോഗിക്കുമ്പോൾ പുതിയനിയമത്തിൽ ക്രിസ്തു തന്നെയാണ് ഇത് ഏറ്റവും വ്യക്തമായ രീതിയിൽ ഉപയോഗിക്കുന്നത്. വി.യോഹന്നാന്റെ സുവിശേഷം പത്താം അദ്ധ്യായം മുഴുവൻ കർത്താവ് തന്റെ ജനത്തെ "ഒരാട്ടിൻപറ്റവും ഒരിടയനും" എന്നുള്ള സുന്ദരസങ്കൽപ്പത്തെ കുറിച്ച് പഠിപ്പിക്കുകയാണ്, "ഞാൻ ആകുന്നു ആടുകളുടെ വാതിൽ... ഞാൻ നല്ല ഇടയനാണ്... നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ ബലിയർപ്പിക്കുന്നു..." (യോഹ 10).

സഭ ഇന്ന് നേരിടുന്ന വലിയ വെല്ലുവിളി പ്രവാചകൻമാരില്ല എന്നുള്ളതല്ല. മറിച്ച്, വ്യാജപ്രവാചകൻമാർ എറെയാണ് എന്നുള്ളതാണ്. പ്രവാചകൻമാർ ദൈവത്തെ കാണിച്ചുകൊടുക്കുന്നവരും ദൈവത്തിന്റെ സ്വരവുമാണെങ്കിൽ ഇന്നത്തെ പ്രവാച

കൻമാർ കാണിച്ചുകൊടുക്കുന്നത് തങ്ങളെ തന്നെയാണ്. അതുകൊണ്ടുതന്നെ ഇന്ന് ഇത്തരക്കാർ സമ്മാനിക്കുന്നത് ദൈവത്തിന്റെ സ്വരമല്ല. മറിച്ച്, തങ്ങളുടെ തന്നെ സ്വരം ദൈവത്തിന്റെ സ്വരമായ് അവതരിപ്പിക്കുന്നു. സമ്പത്തിന് വേണ്ടിമാത്രം വചനശുശ്രൂഷ നടത്തുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോൾ തിരിച്ചറിയുക വ്യജപ്രവാചകൻമാരുടെ എണ്ണം കൂടുകയാണെന്ന്. രോഗശാന്തിക്ക് വേണ്ടി ഇനം തിരിച്ച് ഫീസ് വാങ്ങുന്നവരേയും നോട്ടിസീൽ പേര് മങ്ങിപോയതിന്റെ പേരിലും ഫോട്ടോ ചെറുതായതിന്റെ പേരിലും വചനശുശ്രൂഷയ്ക്ക് ഞാൻ വരില്ല എന്നു പറയുമ്പോഴും ഓർക്കുക പ്രവാചകൻമാരെയും വ്യാജപ്രവാചകൻമാരെയും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഫലത്തിൽ നിന്നുമാത്രമെ വൃക്ഷത്തെ തിരിച്ചറിയാൻ സാധിക്കു. "ഒരുവന്റെ പ്രവർത്തിയാണ് അവന്റെ ആത്മീയത അളക്കാനുള്ള ഏറ്റവും നല്ല മാധ്യമം" എന്ന് ക്രിസ്തു പറഞ്ഞു വയ്ക്കുകയാണ് ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം എന്നതിലൂടെ. 'പുളിമാവ്' എത്ര നനയ്ച്ചാലും വളമിട്ടാലും ടൺ കണക്കിന് പഞ്ചസാര പുളിമാവിന്റെ കടയ്ക്കിലിട്ടാലും പുളിമാവ് എന്നു പുളിപ്പുള്ള മാമ്പഴമേ സമ്മാനിക്കു. പാവങ്ങൾക്കുവേണ്ടി സംസാരിക്കുന്ന ഒരുപാട് വ്യക്തികളെയും രാഷ്ട്രീയ പാർട്ടിക്കാരെയും നമ്മുക്ക് കണ്ടെത്താനാകും. പക്ഷെ, ഇവർ പാവങ്ങൾക്ക് വേണ്ടി എന്തു ചെയ്യുന്നു എന്നതിലുടെ ഇവരെ തിരിച്ചറിയാൻ സാധിക്കും. കാരണം, ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാവുന്നതേയൊള്ളു.

*ഈശോ തന്റെ ശിഷ്യരെ തിരഞ്ഞെടുത്തത് 'തന്റെ കൂടെ ആയിരിക്കാനാണ്' (മർക്കോ 3,14). ഈശോയുടെ കൂടെ ആയിരിക്കാത്തവരാരും ഈശോയുടെ ശിഷ്യരല്ല, എത്ര വലിയ അൽഭുതം പ്രവർത്തിച്ചാലും! കാരണം, "ഈശോ ഒരിക്കലും അവരെ അറിഞ്ഞിട്ടില്ല" (മത്താ 7,23).*

2015ലെ ആലപ്പുഴയിലെ സംസ്ഥാന സി.പി.എം സമ്മേളനത്തിന്റെ പ്രവേശന കവാടത്തിൽ സ്വാഗതം സമ്മാനിച്ചുകൊണ്ട് വച്ചിരിക്കുന്നത് ഭാരതത്തിലെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ ചിത്രമാണ്. ഇതിനെ കുറിച്ച് സീറോ മലബാർ സഭയുടെ ഔദ്യോഗിക മാധ്യമവിഭാഗം മേധാവി ഫാ. പോൾ തേലക്കാട്ട് പറഞ്ഞത് ഇപ്രകാരമാണ്, "മാർകിസ്റ്റ് പാർട്ടി തങ്ങളുടെ അലപ്പുഴിയിലെ സംസ്ഥാന സമ്മേളനത്തിന്റെ പ്രവേശന കവാടത്തിൽ വി.അൽഫോൻസാമ്മയുടെ ചിത്രവും വച്ചുകൊണ്ട് സ്വാഗതം സമ്മാനിക്കുന്നത് കാണുന്നതിൽ ഏറെ സന്തോഷമുണ്ട്. പക്ഷെ, മറ്റെല്ലാം മറന്നുകൊണ്ട് വി. അൽഫോൻസമ്മയുടെ ചിത്രം ഇവിടെ വയ്ക്കുമ്പോൾ വി.അൽഫോൻസാമ്മ കാണിച്ചു തന്നതുപോലെയുള്ള വിശുദ്ധമായ ഒരു ജീവിത ശൈലി, വിശുദ്ധമായ ഒരു പാർട്ടി പ്രവർത്തനം ഇതാണ് മാർകിസ്റ്റ് പാർട്ടിയിൽ നിന്ന് പ്രതീക്ഷിക്കുന്നത്." പക്ഷെ, പാവങ്ങൾക്കുവേണ്ടി നിൽക്കുന്നു എന്ന് പറയുന്ന മാർകിസ്റ്റ് പാർട്ടി ലക്ഷ്യത്തിൽ നിന്ന് എത്രയോ ദൂരയാണ്. ജനങ്ങൾ ഫലത്തിൽ നിന്ന് വൃക്ഷത്തെ മനസിലാക്കുന്നവരാണ്. കാരണം, നല്ല വൃക്ഷത്തിന് ചീത്ത ഫലങ്ങളോ ചീത് വൃക്ഷത്തിന് നല്ല ഫലങ്ങലോ സമ്മാനിക്കാൻ സാധിക്കില്ല.

വചനത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ 'യഥാർത്ഥ ശിഷ്യനെ' കുറിച്ചുള്ള സുന്ദരമായ ചിത്രം കർത്താവ് സമ്മാനിക്കുകയാണ്. "കർത്താവേ, കർത്താവേ എന്നു വിളിച്ചപേക്ഷിക്കുന്നവരല്ല സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് യഥാർത്ഥത്തിലുള്ള എന്റെ ശിഷ്യർ. അവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്ത 7,21). കർത്താവേ കർത്താവേ എന്നു വിളിച്ചപേക്ഷിക്കാൻ എളുപ്പമാണ്. പക്ഷെ, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരാവുക. ഇത് അൽപ്പം ക്ലേശകരമായ ഒന്നാണ്. ഒപ്പം, ഇത് സമ്മാനിക്കുന്ന മറ്റൊരു ചിന്ത കൂടിയുണ്ട്. "പോട്ടയിലും ഡിവൈനിലും, അട്ടപ്പാടിയിലും ഇരുപത്തിനാല് മണിക്കൂറും ചെന്നിരിക്കുന്നവർ സ്വർഗ്ഗരാജ്യം സ്വന്തമാക്കുമെന്ന് ഒരുറപ്പുമില്ല. മറിച്ച്, ഇവിടെ നിന്ന് സ്വന്തമാക്കുന്ന ദൈവീക അറിവ് ദൈവീകഅനുഭവമാക്കി മാറ്റി നന്മ ചെയ്യുകയാണെങ്കിൽ സ്വർഗ്ഗം സ്ന്തമാക്കാമെന്ന്!"

ഇവിടെയാണ് 'കുർബ്ബാന കാണുന്നവരും' 'കുർബ്ബാന അർപ്പിക്കുന്നവരും' തമ്മിലുള്ള വ്യത്യാസം അനുഭവവേദ്യമാകുന്നത്. കുർബ്ബാന കാണുന്നവർക്ക് അതൊരു കടത്തു കഴിക്കലാണ്. പക്ഷെ, കുർബ്ബാന അർപ്പിക്കുന്നവർ തങ്ങളുടെ ജീവിതത്തെ തന്നെ ബലിയായ് അർപ്പിക്കുകയാണ് അവിടെ. ചുരുക്കത്തിൽ, ബലിയർപ്പണം ബലിയജീവിതത്തി

ലേയ്ക്ക് നയിക്കുകയാണ് ഇവിടെ. "വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി...." എന്നുള്ള ജപം ജപിച്ചുകൊണ്ട് ബലിയർപ്പണം അവസാനിപ്പിക്കുകയല്ല വേണ്ടത്. മറിച്ച്, "വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി...." എന്നുള്ള ജപം ജപിച്ചുക്കൊണ്ട് ജീവിത ബലി ആരംഭിക്കുകയാണ് വേണ്ടത്.

ബലിയർപ്പണം ബലിജീവിതത്തിലേയ്ക്ക് നയിക്കുന്നില്ലെങ്കിൽ നാം വ്യാജപ്രവാചകൻമാരുടെയും വ്യാജ ശിഷ്യൻമാരുടെയും 'കാറ്റഗറി'യിലായിരിക്കും പെടുന്നത്. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്തുകൂട്ടുന്ന മൂഢൻമാർ. ഇവിടെ മത്തായി 12,7 കൂടി കൂട്ടിവായിക്കാൻ കഴിയുന്നുണ്ടെങ്കിൽ നമ്മുക്കും ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യൻമാരാകാൻ സാധിക്കും. "ബലിയല്ല കരുണയാണ് ദൈവം ആഗ്രഹിക്കുന്നത്" (മത്താ 12,7). ബലി വേണ്ട എന്നല്ല. മറിച്ച്, ബലിജീവിതം കരുണ നിറഞ്ഞ പ്രവർത്തിയിലേയ്ക്ക് ആനയിക്കണം എന്ന്. ഇതുതന്നെയാണ് ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാമെന്ന് ക്രിസ്തു പറഞ്ഞുവയ്ക്കുന്നതും. ഈശോ ഫരിസേയരേയും നിയമജ്ഞരെയും കുറ്റപ്പെടുത്തുന്നുണ്ട്, "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, ഇവരുടെ ഹൃദയം എന്നിൽ നിന്ന് ഏറെ അകലെയാണ്" (മത്താ 15,8). യഥാർത്ഥ ശിഷ്യനാകണമെങ്കിൽ അധരവും ഹൃദയവും ഒരുമിച്ച് പോകണം. വാക്കും ചെയ്തികളും പരസ്പര പൂരകങ്ങളായിരിക്കണം. കുടുംബത്തെ മറന്ന് ധ്യാനകേന്ദ്രങ്ങളിൽ പറ്റികൂടുന്നവരെയും വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാതെ നാടു നന്നാക്കാൻ ഇറങ്ങിത്തിരിക്കുന്നവരെയും സൂക്ഷിക്കുക! കാരണം, ഇവരുടെ വാക്കും ചെയ്തികളും തമ്മിൽ ബന്ധമില്ല.

"കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ നിരവധി അൽഭുതങ്ങൾ ചെയ്തിട്ടില്ലേ? പ്രവചിച്ചീട്ടില്ലേ? പിശാചുക്കളെ പുറത്താക്കിയിട്ടില്ലേ? എന്നിട്ടും, ഞങ്ങൾക്ക് സ്വർഗ്ഗഭാഗ്യം ഇല്ലേ?' കർത്താവ് മറുപടി പറഞ്ഞു, 'അനീതി പ്രവർത്തിക്കുന്നവരെ നിങ്ങൾ എന്നിൽ നിന്ന് അകന്ന് പോകുവിൻ. നിങ്ങളെ ഞാൻ അറിഞ്ഞിട്ടില്ല!" (മത്താ 7,22-23). എങ്കിൽ, ഒന്നുറപ്പാണ്, "അൽഭുതം പ്രവർത്തിക്കുന്നവരെല്ലാം കർത്താവിൽനിന്നുള്ളവരാകണമെന്നില്ല!" ദൈവവിശ്വാസിക്ക് അൽഭുതം പ്രവർത്തിക്കാനാകും; എന്നാൽ, അൽഭുതം പ്രവർത്തിക്കുന്നവരെല്ലാം ദൈവവിശ്വാസികൾ ആയിരിക്കണമെന്നില്ല! ദൈവം മനുഷ്യന് സമ്മാനിക്കുന്ന ഇത്തരം സിദ്ധികൾ ദൈവമക്കളെ ദൈവസന്നിധിയിലേയ്ക്ക് ആനയിക്കുന്നതായിരിക്കണം. എങ്കിൽമാത്രമെ, ഒരു വ്യക്തിക്ക് യഥാർത്ഥ ശിഷ്യനായിരിക്കാൻ സാധിക്കു.

"മണൽപ്പുറത്ത് അടിസ്ഥാനമിടുന്ന ഭവനങ്ങൾ തകരുന്നു; പാറപ്പുറത്ത് അടിസ്ഥാനമിടുന്ന ഭവനങ്ങൾ നിലനിൽക്കുന്നു." സിവിൽ എഞ്ചിനിയറിങ്ങിലെ ബാലപാഠം തന്നെ 'അടിസ്ഥാനത്തെ' കുറിച്ചാണ്. ലോകത്തിലെ ഏറ്റവും വലിയ കുരിശ് സ്ഥാപിതമായിരിക്കുന്നത് ഇസ്ലാം രാഷ്ട്രമായ യു.ഏ.ഇയിലാണ്. അമേരിക്കൻ എഞ്ചിനിയറിന്റെ കരവിരുതാണ് കടലിന് അഭിമുഖമായി പണിതിരിക്കുന്ന "ബുർജ്ജ് അൽ അർബ്" എന്ന ഈ കെട്ടിടം. ഈ കെട്ടിടത്തിന് കുറുകെ പണിതിരിക്കുന്നതിൽ എതെങ്കിലുമൊന്ന് തകർക്കുകയോ രൂപസാദൃശം വരുത്തുകയോ ചെയ്താൽ ലോകത്തിലെതന്നെ ഏറ്റവും വലിയ കെട്ടിടങ്ങളിൽ ഒന്നായ ഇത് നിലംപൊത്തും. ഇവിടെയാണ് ശിൽപ്പിയുടെ വൈഭവം! ഈയൊരു വൈഭവം തന്നെയാണ് ക്രിസ്തു നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. വിവേകത്തോടുകൂടി ജീവിതത്തിന് അടിസ്ഥാനമിടുക. ക്രിസ്തുവാകുന്ന വചനത്തിൻമേൽ ജീവിതത്തെ പടുത്തുയർത്തുക.

**"പുള്ളിപ്പുലിക്ക് അതിന്റെ പുള്ളിയോ എത്യോപ്യക്കാരന് അവന്റെ നിറമോ മാറ്റാവാകുമോ? തിന്മ ചെയ്തു ശീലിച്ച ജനത്തിന് നന്മ ചെയ്യാനാകുമോ?"**

**(ജറെ 23,23)**

ആത്മീയത
അളക്കപ്പെടുന്നത്
പ്രലോഭനങ്ങളിലാണ്.
പ്രലോഭനം വന്നപ്പോൾ
മണൽ തിട്ടയിൽ
ഭവനം പണിതവൻ
വീണുപ്പോയി.
പാറമേൽ ഭവനം
പണിതവൻ നിലനിന്നു.
നാം എവിടെയാണ്
ഭവനം പണിതിരിക്കുന്നത്.
വചനമാകുന്ന (ക്രിസ്തു)
അടിസ്ഥാനത്തിലാണോ?

ഫാ. ജോബി മേനോത്ത് : +91 944 7777 931